വനം പരിസ്ഥിതി മന്ത്രിയേയും നേരിൽകണ്ട് ആവശ്യങ്ങൾ വീണ്ടും ഉന്നയിക്കുകയും 16-10-2014-ൽ പ്രധാനമന്ത്രിക്ക് നേരിട്ട് നിവേദനവും നൽകിയിട്ടുണ്ട്. കേന്ദ്രസർക്കാരിന്റെ തീരുമാനം ഉടനെയുണ്ടാകും എന്ന ബഹു ബഹുമാനപ്പെട്ട കേന്ദ്രമന്ത്രി ശ്രീ. പ്രകാശ് ജാവദേക്കർ 25-11-2014-ന് മുഖ്യമന്ത്രിയെ അറിയിക്കുകയുണ്ടായി. സംസ്ഥാന സർക്കാരിന്റെ ആവശ്യങ്ങൾ അംഗീകരിച്ചുകൊണ്ട് ഇതുവരെയും കേന്ദ്ര സർക്കാർ തീരുമാനം വന്നിട്ടില്ല.

ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിലിന് വകയിരുത്തിയ തുക

37 (1740) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ വിവിധ പദ്ധതികൾക്കായി കഴിഞ്ഞ ബഡ്ജറ്റിൽ (2014-15) വകയിരുത്തിയ തുക എത്ര കോടിയെന്ന് വ്യക്തമാക്കാമോ ;

(ബി) വകയിരുത്തിയ തുകയിൽ എത്ര രൂപ അനുവദിക്കപ്പെട്ടിട്ടുണ്ടെന്നും എത്ര തുക ചെലവഴിക്കാതെ ബാക്കിയുണ്ടെന്നും വ്യക്തമാക്കാമോ ;

(സി) ലഭിച്ച തുകകൊണ്ട് എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) 9097.00 ലക്ഷം രൂപ.

(ബി) 6216.32 ലക്ഷം രൂപ അനുവദിച്ചു. ആയതിൽ 750.67 ലക്ഷം രൂപ സർക്കാർ ഇലക്ട്രോണിക് ലെഡ്ജർ അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ട്. ഈ തുക സെപ്റ്റംബർ 2015 വരെ ഉപയോഗിക്കാവുന്നതാണ്.

(സി) അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

സി.ആർ.ഇസഡ് മേഖലയിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി

38 (1741) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അമ്പലപ്പുഴ മണ്ഡലത്തിലെ ആലപ്പുഴ മുനിസിപ്പാലിറ്റി, ഗ്രാമപഞ്ചായത്തുകൾ എന്നിവ മുഖേന സി.ആർ.ഇസഡ്. മേഖലയിൽ കെട്ടിട നിർമ്മാണ അനുമതി/നമ്പർ നൽകൽ/ക്രമവത്ക്കരണം എന്നിവയ്ക്കുള്ള എത്ര അപേക്ഷകളാണ് കേരളാ സ്റ്റേറ്റ്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിക്ക് 2015-ൽ ഇതുവരെ ലഭിച്ചത് ; ഇതിൽ എത്രയെണ്ണത്തിന് ക്ലിയറൻസ് നൽകി ; ക്ലിയറൻസ് ലഭിച്ച അപേക്ഷകരുടെ പേരും മേൽവിലാസവും സഹിതം പട്ടിക നൽകാമോ :

(ബി) ലഭിച്ച അപേക്ഷകളിൽ നിരസിച്ചവ എത്രയെന്നും അപേക്ഷ നിരസിച്ചവരുടെ പേരും വിലാസവും നിരസിക്കാനുണ്ടായ കാരണവും വിവരിക്കുന്ന പട്ടിക നൽകാമോ ;

(സി) കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയിൽ ക്ലിയറൻസിനായി സമർപ്പിക്കുന്ന അപേക്ഷകൾ തീർപ്പാക്കുന്നതിന് അനന്തമായ കാലതാമസം ഉണ്ടാകുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതു പരിഹരിക്കാൻ എന്തു നടപടികളാണ് സ്വീകരിക്കുകയെന്നു വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) 81 അപേക്ഷകൾ. ടി. അപേക്ഷകളിന്മേൽ തീരുമാനമെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഉണ്ട്. കേരള തീരദേശപരിപാലന അതോറിറ്റിയുടെ കാലാവധി 19-12-2014-ന് അവസാനിച്ച ശേഷം അതോറിറ്റി പുനഃസംഘടിപ്പിച്ചു കൊണ്ടുള്ള കേന്ദ്ര സർക്കാരിന്റെ വിജ്ഞാപനം ലഭിച്ചത് 4-4-2015-ൽ മാത്രമാണ്. ഈ കാലയളവിൽ അതോറിറ്റി നിലവിലില്ലാതിരുന്നതിനാൽ അപേക്ഷകൾ പരിഗണിക്കാൻ സാധിച്ചില്ല. ആയതുമൂലം കാലതാമസം നേരിട്ടു. തുടർന്ന് 2015 ഏപ്രിൽ, മേയ് മാസങ്ങളിൽ അതോറിറ്റി യോഗം കൂടി പരമാവധി അപേക്ഷകൾ തീർപ്പാക്കുവാൻ നടപടി സ്വീകരിച്ചു തുടർന്നങ്ങോട്ടും എല്ലാ മാസങ്ങളിലും അതോറിറ്റി യോഗം ചേർന്ന് പരമാവധി അപേക്ഷകൾ തീർപ്പാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

പി.എസ്.സി. കാലാവധി നീട്ടൽ

39 (1742) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പി. എസ്. സി. ലിസ്റ്റുകളുടെ കാലാവധി നീട്ടിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതുമൂലം എത്ര പേർക്ക് നിയമനം ലഭ്യമായിട്ടുണ്ട് ;

(സി) ഓരോ ലിസ്റ്റിൽനിന്നും എത്ര പേർക്ക് വീതമാണ് ഇത്തരത്തിൽ നിയമനം ലഭ്യമായിട്ടുള്ളതെന്ന് പ്രത്യേകം വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly